(ഇ) സ്കൂളുകളുടേയും കോളേജുകളുടേയും മുൻപിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് സ്കൂൾ സമയത്ത് പ്രത്യേക ട്രാഫിക് പോലീസുകാരെ നിയോഗിക്കാറുണ്ട്.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി ആക്രമിച്ച സംഭവം

44 (700)ശ്രീ. ഡൊമനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഒരു സംഘം മാർക്സിസ്റ്റ് അനുഭാവികൾ നടത്തിയ ആക്രമണത്തിൽ ആശുപത്രിക്ക് എത്ര രൂപയുടെ നഷ്ടം ആണ് ഉണ്ടായത്;

(ബി) നഷ്ട പരിഹാരത്തിനായി എന്തുതുകയാണ് ആശുപത്രി അധികൃതർ ആവശ്യപ്പെട്ടത്;

(സി) സർക്കാർ എന്തുതുക നഷ്ടപരിഹാരമായി നൽകി;

(ഡി) ഏതു ഫണ്ടിൽനിന്നാണ് സർക്കാർ നഷ്ടപരിഹാരം നൽകിയത്;

(ഇ) നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1,72,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടില്ല.

(സി) 1,72,000/- രൂപ.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക നൽകിയത്.

(ഇ)&(എഫ്) നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടർ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സെമിത്തേരിയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട അക്രമം

45 (701)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ ടി.വി.പുരം സേക്രട്ട് പള്ളിയിൽ സെമിത്തേരി പണിയുന്നതിനോടനുബന്ധിച്ചുണ്ടായ സംഘട്ടനത്തെത്തുടർന്ന് ജില്ലാ കളക്ടർ സമാധാന ചർച്ച നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഈ ചർച്ചയിൽ ഉണ്ടായ തീരുമാനം എന്തായിരുന്നു; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly